# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1906 15.7.2016-ൽ മറുപടിയ്ക്ക്

**കൊയിലാണ്ടി മണ്ഡലത്തിലെ തിരുവങ്ങൂരിൽ സ്ഥാപിച്ച കാലിത്തീറ്റ ഫാക്ടറി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ദാസൻ | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) കൊയിലാണ്ടി മണ്ഡലത്തിലെ തിരുവങ്ങൂരിൽ സ്ഥാപിച്ച കാലിത്തീറ്റ ഫാക്ടറി ഉത്ഘാടനം കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) ഉണ്ട്.<br>വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് വേണ്ട കെട്ടിട പെർമിറ്റ് പഞ്ചായത്തിൽ നിന്ന് ലഭ്യമല്ലാത്തതിനാൽ ഉദ്ഘാടനത്തിനു ശേഷം ഡീസൽ ജനറേറ്റർ ഉപയോഗിച്ച് കൊണ്ട് പരീക്ഷണ അടിസ്ഥാനത്തിൽ ഉത്പാദനം നടന്നു വരുന്നു. |
| ബി) പ്രസ്തുത സ്ഥാപനത്തിന് ബിൽഡിംഗ് നമ്പരും, വൈദ്യുതി കണക്ഷനും ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; | ബി) ഉണ്ട്. |
| സി) പ്രസ്തുത കാലിത്തീറ്റ ഫാക്ടറി അടിയന്തരമായി തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടികൾ സ്വീകരിക്കാമോ? | സി) പഞ്ചായത്തിൽ നിന്നും കെട്ടിട പെർമിറ്റ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പൂർണ്ണ തോതിലുള്ള ഉത്പാദനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ